10. കവടിയാർ-പേരൂർക്കട-വഴയില

11. അട്ടക്കുളങ്ങര-ഈഞ്ചക്കൽ

12. ശ്രീകണ്ഠേശ്വരം-ആറാട്ടു റോഡ്-ഈഞ്ചക്കൽ.

13. ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-വെൺപാലവട്ടം-എൻ.എച്ച്. ബൈപാസ്.

(സി) ഇപ്പോഴത്തെ പദ്ധതിയിൽ സബ്‌വേ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല.

നബാർഡ് സഹായത്തോടെയുള്ള ഇടുക്കിയിലെ ഗ്രാമീണ റോഡുകൾ

97 (2816) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുനിർമ്മാണത്തിനായി നബാർഡ് പദ്ധതിപ്രകാരം എത്ര കോടി രൂപയാണ് 2002, 2003 വർഷങ്ങളിൽ ഇടുക്കി ജില്ലയ്ക്ക് ലഭിച്ചിട്ടുള്ളത് ;

(ബി) ഇടുക്കി ജില്ലയിൽ ഏതെല്ലാം റോഡുകളാണ് നബാർഡ് ഏറ്റെടുത്തിട്ടുള്ളത് ; ഓരോന്നിനും എത്ര കോടി രൂപയുടെ നിർമ്മാണ ചെലവാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നബാർഡ് ഏറ്റെടുത്തിട്ടുള്ളത് ; ഓരോന്നിനും എന്തു തുക വീതം നിർമ്മാണച്ചെലവാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ; ഇവ ഓരോന്നും ഏത് കാലയളയിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും ;

(ഇ) നിർമ്മാണജോലികൾ പൂർത്തീകരിക്കാതെ തന്നെ ബില്ലുകൾ മാറി കോൺട്രാക്ടർമാർ നിർമ്മാണം നിർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇങ്ങനെ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുനിർമ്മാണത്തിനായി നബാർഡ് 2002-2003 വർഷത്തിൽ 2213.72 ലക്ഷം രൂപ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർ.ഐ.ഡി.എഫ്-8-ൽപ്പെടുത്തി 10 ഗ്രാമീണ റോഡുകൾക്കു കൂടി തദ്ദേശ സ്വയംഭരണ ഗ്രാമവികസന വകുപ്പിൽ നിന്ന് 427.47 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി)

അമയാർ-ചേറ്റുക്കുഴി	175.00 ലക്ഷം
കുഞ്ഞിത്തണ്ണി-ഖജനാപ്പാറ	159.50 ലക്ഷം
പുളിയൻമല-കമ്പൻമേട്	199.84 ലക്ഷം
രാജാക്കാട്-എല്ലയ്ക്കൽ	234.00 ലക്ഷം
തോപ്രാംകുടി-കൊച്ചുകാമാക്ഷി	271.97 ലക്ഷം
തോട്ടപ്പുര-അമ്പഴച്ചാൽ	85.56 ലക്ഷം
കട്ടപ്പന-ഉപ്പുകണ്ടം	133.75 ലക്ഷം
മേലേചിന്നാർ-മഞ്ഞപ്പാറ	204.50 ലക്ഷം
മൂലമറ്റം-പുള്ളിക്കാനം	455.00 ലക്ഷം
പണിക്കാൻകുടി-കൊമ്പൊടിഞ്ഞാൽ	210.00 ലക്ഷം
ശാന്തൻപാറ-പൊട്ടൻകാട്	84.60 ലക്ഷം

ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എം.ഡി.ആർ. ലിസ്റ്റിൽ ഉള്ള റോഡുകൾ

98 (2817) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്രറോഡുകൾ എം.ഡി.ആർ. ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ എം.ഡി.ആർ. ലിസ്റ്റിൽ ഉള്ള റോഡുകളുടെ പേര് വ്യക്തമാക്കാമോ ;

(സി) കൂടുതൽ റോഡുകൾ എം.ഡി.ആർ. ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പെരിങ്ങളം മണ്ഡലത്തിലെ പാനൂർ പി.ഡബ്ല്യൂ.ഡി.യിൽപ്പെട്ട പുത്തൂർ-പോസ്റ്റ്ഓഫീസ്-കല്ലുവളപ്പിൽ റോഡ്, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡ് ഏറ്റെടുത്ത് എം.ഡി.ആർ. ആയി ഉയർത്താമോ ?

ഉത്തരം

(എ) 2266 റോഡുകൾ എം.ഡി.ആർ.ലിസ്റ്റിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly